"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12

:0471-2342532

:keralaprisons@gov.in

തീയതി : 10-01-2025

**സർക്കുലർ നം 29/2024**

ജയിൽ സ്ഥാപനങ്ങളിൽ ചെയ്യേണ്ട നിർമ്മാണ പ്രവൃത്തികൾ/അറ്റകുറ്റപണികൾ എന്നിവയ്ക്കായുള്ള എസ്റ്റിമേറ്റുകൾ സഹിതമുള്ള അപേക്ഷകൾ മേഖല ഡി.ഐ.ജി മാരുടെ ശിപാർശയില്ലാതെ അനുമതിക്കും ഫണ്ടിനുമായി വകുപ്പദ്ധ്യക്ഷനു സമർപ്പിക്കുന്നതായും , ഭരണാനുമതിയും ഫണ്ടും അനുവദിച്ചിട്ടുള്ള പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കുന്നതിൽ കാലതാമസമുണ്ടാകുന്നതായും കാണുന്നു. മേൽ സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന നിർശങ്ങൾ നല്കുന്നു.

1. ജയിൽ സ്ഥാപനങ്ങളിൽ ആവശ്യമായ നിർമ്മാണ പ്രവൃത്തികൾ/അറ്റകുറ്റപണികൾ എന്നിവ സംബന്ധിച്ച് ബന്ധപ്പെട്ട ജയിൽ സൂപ്രണ്ടുമാർ മേഖലാ ഡി.ഐ.ജിയുമായി കൂടിയാലോചിച്ച് മുൻഗണന നിശ്ചയിച്ച ശേഷം ബന്ധപ്പെട്ട ഏജൻസികളിൽ നിന്നും എസ്റ്റിമേറ്റുകൾ (Abstract & Detailed) ലഭ്യമാക്കേണ്ടതും മേഖലാ ഡി.ഐ.ജിയുടെ ശിപാർശ സഹിതം ഭരണാനുമതിക്കും ഫണ്ടിനുമായി ആസ്ഥാന കാര്യാലയത്തിൽ സമർപ്പിക്കേണ്ടതുമാണ്.

2. പുതിയ നിർമ്മാണ പ്രവൃത്തികൾ,നവീകരണ പ്രവൃത്തികൾ എന്നിവയ്ക്കായി ലഭ്യമാക്കിയ പ്ലാനുകൾ/എസ്റ്റിമേറ്റുകൾ എന്നിവ മേഖലാ ഡി.ഐ.ജി, റീജിയണൽ വെൽഫയർ ഓഫീസർ, ബന്ധപ്പെട്ട ജയിൽ സൂപ്രണ്ട്, സാങ്കേതിക യോഗ്യതയുള്ള ജയിൽ ജീവനക്കാർ എന്നിവർ ചേർന്ന് വിശദമായി പരിശോധിക്കേണ്ടതാണ്. പ്ലാനുകൾ/എസ്റ്റിമേറ്റുകൾ എന്നിവ ജയിലിൻറെ ആവശ്യകതകൾക്കനുയോജ്യമാണോയെന്നതും, മോഡൽ പ്രിസൺ മാന്വൽ/ബാധകമായ മറ്റ് ചട്ടങ്ങൾ/ഉത്തരവുകൾ/സർക്കുലറുകൾ എന്നിവയ്ക്കനുസൃതമാണോയെന്നതും സുരക്ഷാമാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോയെന്നതും പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷം ശിപാർശ സഹിതം (പ്ലാനിൽ ഭേദഗതികൾ ആവശ്യമുണ്ടെങ്കിൽ ടി വിവരങ്ങൾ സഹിതം) ആസ്ഥാനകാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

3. നിർമ്മാണ പ്രവൃത്തികൾ/അറ്റകുറ്റപണികൾക്കുള്ള പ്രൊപോസലുകൾ സമർപ്പിക്കുമ്പോൾ പ്രവൃത്തി ചെയ്യേണ്ടതിന്റെ ആവശ്യകത , നിലവിലെ അവസ്ഥ, സുരക്ഷാപ്രശ്നങ്ങൾ, നിലവിലുള്ള നിർമ്മിതിയുടെ നിർമ്മാണ വർഷം /നിർവ്വഹണ ഏജൻസി , ബാധകമായ മറ്റ് വിവരങ്ങൾ എന്നിവയടങ്ങിയ ചെറുവിവരണം കൂടി പ്രൊപോസലിൽ ഉൾപ്പെടുത്തേണ്ടതാണ്.

4. നിലവിലുള്ള കെട്ടിടത്തിന്റെ മേജർ അറ്റകുറ്റപണികൾ / നവീകരണം എന്നിവയ്ക്കുള്ള എസ്റ്റിമേറ്റുകൾ ലഭ്യമാക്കുന്നതിനൊപ്പം നിലവിലുള്ള കെട്ടിടത്തിന്റെ structural stability സംബന്ധിച്ച റിപ്പോർട്ട് കൂടി പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭ്യമാക്കി സമർപ്പിക്കേണ്ടതാണ്.

5. ചുറ്റമതിൽ നിർമ്മാണം/നവീകരണത്തിനുള്ള എസ്റ്റിമേറ്റുകൾ ലഭ്യമാക്കുമ്പോൾ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം/കൈവശാവകാശം സംബന്ധിച്ച് തർക്കങ്ങളോ കോടതി കേസുകളോ നിലവിലില്ലെന്നതും , സ്ഥലം പൂർണമായും ജയിൽ വകുപ്പിന്റെ ഉടമസ്ഥതയിൽ /കൈവശത്തിലുള്ളതാണെന്നതും ഉറപ്പ് വരുത്തേണ്ടതാണ്.

6.എസ്റ്റിമേറ്റുകൾ അംഗീകരിച്ച് ഭരണാനുമതിയും ഫണ്ടും അനുവദിച്ച ശേഷം പ്രവൃത്തികൾ യഥാസമയം ആരംഭിക്കുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുമായി അതത് ജയിൽ സ്ഥാപങ്ങളിൽ നിന്നും കൃത്യമായി follow up ചെയ്യേണ്ടതും , ആവശ്യമെങ്കിൽ ഇതിലേക്കായി ഉദ്യോഗസ്ഥരെ പ്രത്യേകം നിയോഗിക്കേണ്ടതുമാണ്. പൂർത്തീകരിച്ച പ്രവൃത്തികളുടെ completion certificate, utilization certificate എന്നിവ യഥാസമയം ലഭ്യമാക്കി സമർപ്പിക്കേണ്ടതും , ബാക്കി തുകയുണ്ടെങ്കിൽ ആയത് തിരികെ ഒടുക്കുന്ന വിഷയത്തിൽ ആസ്ഥാനകാര്യാലയത്തിൽ റിപ്പോർട്ട് ചെയ്ത് തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

7) എസ്റ്റിമേറ്റ് അംഗീകരിച്ച് ഭരണാനുമതി നല്കിയ ശേഷം നിർമ്മാണ പ്രവൃത്തികളിൽ ഏതെങ്കിലും കാരണത്താൽ ഭേദഗതി വരുത്തേണ്ടതുണ്ടെങ്കിൽ ആയത് വിശദവിവരങ്ങൾ

സഹിതം ആസ്ഥാനകാര്യാലത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതും , ആസ്ഥാനകാര്യാലയത്തിൽ നിന്നുള്ള നിർദേശ പ്രകാരം മാത്രം തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

8) ജയിൽ സ്ഥാപനങ്ങളിൽ നടത്തുന്ന നിർമ്മാണ പ്രവൃത്തികൾ , മേജർ അറ്റകുറ്റപണികൾ/നവീകരണ പ്രവൃത്തികൾ എന്നിവ പൂർത്തിയാകുന്ന മുറയ്ക്ക് ആവശ്യമായ വിവരങ്ങൾ സഹിതം ബന്ധപ്പെട്ട രജിസ്റ്ററിൽ (**Register of Immovable Govt properties** (Kerala Financial code Form - 23 ))(*പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*) രേഖപ്പെടുത്തി സ്ഥാപനമേധാവി സാക്ഷ്യപ്പെടുത്തേണ്ടതുമാണ് . (*ടി രജിസ്റ്റർ ലഭ്യമല്ലെങ്കിൽ ഇതേ മാതൃകയിലുള്ള രജിസ്റ്റർ തയ്യാറാക്കി ഉപയോഗിക്കാവുന്നതുമാണ്)*

9) ഭരണാനുമതി നല്കിയിട്ടുള്ള/തുക ഡെപോസിറ്റ് ചെയ്ത എല്ലാവിധ നിർമ്മാണപ്രവൃത്തികൾ/ അറ്റകുറ്റപണികൾ/മറ്റ് പദ്ധതികൾ എന്നിവയുടെ പ്രതിമാസ പുരോഗതി റിപ്പോർട്ട് (***പ്രവൃത്തി , ഭരണാനുമതി ഉത്തരവ് /വർക്ക് ഓർഡർ നം.& തീയതി, ഡെപോസിറ്റ് ചെയ്ത തുക&തീയതി,പദ്ധതി നിർവഹണ ഏജൻസി,നിലവിലെ അവസ്ഥ,റിമാർക്സ്*** ) എല്ലാ മാസാവസാനവും ആസ്ഥാനകാര്യലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. പിഡബ്ല്യൂഡി തനതുഫണ്ട് വിനിയോഗിച്ച് നടത്തുന്ന പ്രവൃത്തികളുടെ വിവരവും പ്രസ്തുത റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതാണ്.

Balram Kumar Upadhyay

ബൽറാം കുമാർ ഉപാദ്ധ്യായ ഐപിഎസ്
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: മേഖലാ ജയിൽ ഡി.ഐ.ജി മാർ
എല്ലാ ജയിൽ സൂപ്രണ്ടുമാർക്കും

പകർപ്പ് : ഡി.ഐ.ജി (ജയിലാസ്ഥാനകാര്യാലയം)/
സീനിയർ ഫിനാൻസ് ഓഫീസർ
പ്രോഗ്രാം ഓഫിസർ/ സൂപ്രണ്ട് (പ്ലാനിംഗ് സെക്ഷൻ)/
ചീഫ് ഓഡിറ്റ് ഓഫീസർ
സി.എ ടു ഡി.ജി.പി/
പി1/പി2/പി3/പി4/പി5/പി6
ഒ.സി

P3-35941/2024/PrHQ

a3553b